**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2348** — **12-02-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1) ആശ്രമങ്ങൾ/കോൺവെന്റുകൾ ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവയിലെ അന്തേവാസികൾക്കായി NPI റേഷൻ കാർഡ് അവതരിപ്പിച്ചു.<br><br>2) E-Ration കാർഡിനോടൊപ്പം കാർഡുടമകൾക്ക് PVC കാർഡുകളും നൽകുവാൻ തുടങ്ങി.<br><br>3) തെളിമ പദ്ധതി വഴി റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് അവസരം നൽകി.<br><br>4) മുൻഗണനാ കാർഡുകൾക്കായുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന മാത്രം സ്വീകരിക്കുന്ന സംവിധാനം ഏർപ്പെടുത്തി (100% Online)<br><br>5) Operation Yellow പദ്ധതി പ്രകാരം അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നവരിൽ നിന്നും പിഴ ഈടാക്കുവാനും അനർഹമായ മുൻണനാകാർഡുകൾ പൊതുവിഭാഗത്തിലേക്ക് പരിവർത്തനം ചെയ്യുവാനും ആരംഭിച്ചു.<br><br>6) 1988-ലെ റേഷൻ വ്യാപാരി ക്ഷേമനിധി ആക്ട് പ്രകാരം രൂപീകൃതമായ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഒരു വെബ് പോർട്ടൽ രൂപീകരിക്കാൻ ARVENSION Technologies എന്ന സ്റ്റാർട്ട് അപ്പ് കമ്പനിയെ ചുമതലപ്പെടുത്തി.<br><br>7) മൊബൈൽ അപ്ലിക്കേഷൻ: സംസ്ഥാനത്തെ എല്ലാ റേഷൻ കടകളുടെയും ഓൺലൈൻ പരിശോധനയുമായി ബന്ധപ്പെട്ട് എഫ്.പി.എസ് മൊബൈൽ (FPS Mobile) എന്ന പേരിൽ ഒരു |

മൊബൈൽ അപ്ലിക്കേഷൻ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു.

8) ജി.പി.എസ് ട്രാക്കിംഗ്: സംസ്ഥാനത്തെ റേഷൻ വിതരണത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ സഞ്ചാരപാത നിയന്ത്രിക്കുന്നതിനായി ജി.പി.എസ് ട്രാക്കിംഗ് സംവിധാനം വികസിപ്പിച്ചു.

9) കെ-ഫോൺ: ഭക്ഷ്യപൊതുവിതരണ ഓഫീസുകളിൽ തടസ്സരഹിത നെറ്റ്വർക്ക് കണക്ടിവിറ്റി സാധ്യമാക്കുന്നതിനായി കെ-ഫോൺ നെറ്റ്-വർക്കിലേക്ക് മാറുന്നതിനായി വകുപ്പിന് കിഴിലുള്ള എല്ലാ ഓഫീസുകളെയും കെ-ഫോൺ സൈറ്റിൽ രജിസ്റ്റർ ചെയ്തു.

10) കെ-സ്റ്റോർ: റേഷൻ കടകളെ വൈവിദ്ധ്യ-വത്കരിക്കുന്നതിന്റെ ഭാഗമായി, ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻ കടകളെ ഉൾപ്പെടുത്തി നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും, ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കി, റേഷൻ കടയുടമകൾക്ക് അധിക വരുമാന മാർഗം ലക്ഷ്യമിട്ട് ആരംഭിച്ച കെ-സ്റ്റോർ പദ്ധതി വഴി താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കി വരുന്നു.

a) ഹില്ലി അക്വാ കുപ്പിവെള്ളം (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് കോർപ്പറേഷന്റെ ഉല്പന്നം)

b) വ്യവസായ-വാണിജ്യ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ / പിന്നോക്ക പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾ വഴി പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ

c) മിൽമയുടെ തിരഞ്ഞെടുത്ത ഉത്പന്നങ്ങൾ

d) IOC യുടെ ചോട്ടു ഗ്യാസ്

e) സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ

f) CSC വഴിയുള്ള സേവനങ്ങൾ

g) 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം.

11) ഒപ്പം പദ്ധതി - വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ

| | | | |
|---|---|---|---|
| | | | കുട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീട്ടുകളിൽ എത്തിക്കുന്നതിന് ഉദ്ദേശിച്ചുള്ള 'ഒപ്പം പദ്ധതി' ആരംഭിച്ചു.<br><br>12) റേഷൻ റൈറ്റ്സ് കാർഡ് - സംസ്ഥാനത്ത് നിലവിലുള്ള അന്യസംസ്ഥാന തൊഴിലാളികൾക്ക് One Nation One Ration Card (ONRC) പദ്ധതി പ്രകാരം Ration Rights Card (RRC) നൽകുന്നതിന്റെ ഭാഗമായി അന്യസംസ്ഥാന തൊഴിലാളികളെ മൂന്ന് വിഭാഗമായി തിരിച്ച് (ആധാർ കാർഡോ, റേഷൻ കാർഡോ ഇല്ലാത്ത വ്യക്തികൾ / ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ കാർഡ് ഇല്ലാത്തവർ / ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ കാർഡ് സ്വന്തം സംസ്ഥാനത്തുള്ളവർ) റേഷൻ കാർഡ് (Ration Rights Card) ലഭ്യമാക്കി.<br><br>13) ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ എല്ലാ ഓഫീസുകളും ഇ-ഓഫീസ് സംവിധാനത്തിലേക്ക് മാറ്റിയ പ്രവർത്തനം പൂർത്തികരിച്ചു. |
| (ബി) | ചിറയിൻകീഴ് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (ബി) | ചിറയിൻകീഴ് മണ്ഡലത്തിൽ കെ-സ്റ്റോർ, ഒപ്പം എന്നീ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. ടി പദ്ധതികൾക്കായി ഫണ്ട് അനുവദിച്ച് നൽകിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>a) ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി അതിദരിദ്ര വിഭാഗത്തിൽപ്പെട്ടതായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയ 86കുടുംബങ്ങളുടെ കാർഡുകൾ AAY വിഭാഗത്തിലേക്ക് മാറ്റി നൽകി.<br><br>b) അഞ്ചുതെങ്ങ് പഞ്ചായത്തിൽ അതിദരിദ്ര വിഭാഗത്തിലുള്ളതും കടയിൽ നേരിട്ട് പോയി റേഷൻ വാങ്ങാൻ സാധിക്കാത്തതുമായ കാർഡുടമകൾക്ക് റേഷൻ അവരുടെ വീട്ടിൽ നേരിട്ട് എത്തിക്കുന്ന 'ഒപ്പം' പദ്ധതി 2023 ഏപ്രിലിൽ ആരംഭിച്ചു.<br><br>c) കടയ്ക്കാവൂർ പ്രവർത്തിക്കുന്ന ARD 65, അഞ്ചുതെങ്ങിൽ പ്രവർത്തിക്കുന്ന ARD 122 എന്നിവ കെ-സ്റ്റോറാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>d) വിവിധ പഞ്ചായത്തുകളിലായി പുതുതായി 1823 കുടുംബങ്ങളെ പി.എച്ച്.എച്ച് വിഭാഗത്തിലേക്കും 83 കുടുംബങ്ങളെ എ.എ.വൈ വിഭാഗത്തിലേക്കും മാറ്റിയിട്ടുണ്ട് .<br><br>e) അഴൂർ പഞ്ചായത്തിലെ ശാസ്തവട്ടം ബ്ലോക്ക് നമ്പർ 14-ൽ റീസർവേ നമ്പർ 214/06-ൽ പ്പെട്ട ഭൂമിയിൽ |

| | | | |
|---|---|---|---|
| | | | എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മാണത്തിനുള്ള സാധ്യത പരിശോധിച്ചു വരുന്നു.<br><br>f) മംഗലപുരം പഞ്ചായത്തിലെ തോന്നയ്ക്കലിൽ പ്രവർത്തിക്കുന്ന ARD 255 കെ-സ്റ്റോറാക്കി പ്രവർത്തനം ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ